**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1954** **12-09-2023 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ- വളാഞ്ചേരി റൂട്ടിൽ കെ.എസ്.ആർ.ടി.സി ബസ് സർവീസുകൾ പുനരാരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ - വളാഞ്ചേരി റൂട്ടിൽ ലോക്ഡൗൺ കാലത്ത് നിർത്തിവെച്ച കെ.എസ്.ആർ.ടി.സി. ബസ് സർവീസുകൾ നാളിതുവരെയായിട്ടും പുനരാരംഭിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുകാരണം ഈ പ്രദേശത്തെ യാത്രക്കാരായ പൊതുജനങ്ങളും വിദ്യാർത്ഥികളും രോഗികളും വളരെയധികം പ്രയാസമനുഭിക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കോവിഡ് കാലത്തിന് മുമ്പ് 2016-18 കാലയളവിൽ പ്രതിദിനം അഞ്ച് സർവ്വീസുകളാണ് പെരിന്തൽമണ്ണ - വളാഞ്ചേരി റൂട്ടിൽ നടത്തിയിരുന്നത്. എന്നാൽ മിക്ക സർവ്വീസുകൾക്കും യാത്രക്കാരുടെ കുറവ് മൂലം പ്രവർത്തന ചെലവ് ലഭിക്കാത്ത സാഹചര്യത്തിൽ ടി സർവ്വീസുകൾ മറ്റ് റൂട്ടുകളിലേയ്ക്ക് പുനഃക്രമീകരിച്ചിട്ടുള്ളതാണ്. നിലവിൽ ടി റൂട്ടിലൂടെ പെരിന്തൽമണ്ണ - വളാഞ്ചേരി കോഴിക്കോട് സർവ്വീസ് പുന:രാരംഭിച്ചിട്ടുണ്ട്.<br><br>കൂടാതെ വളരെയധികം സ്വകാര്യ സർവ്വീസുകൾ ഈ റൂട്ടിൽ ചെയ്യുന്നതിനാലും യാത്രാക്ലേശം അനുഭവപ്പെടാത്ത രീതിയിൽ യാത്രക്കാർക്ക് ആവശ്യമായ പൊതുഗതാഗത സംവിധാനം ലഭ്യമാകുന്നുണ്ട്. ടി സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ കൂടുതൽ ഓപ്പറേറ്റ് ചെയ്യുന്നത് കോർപ്പറേഷന് അധിക ബാധ്യത ഉണ്ടാകുമെന്ന് കരുതുന്നു.<br><br>കൂടുതൽ സർവ്വീസുകൾ ടി റൂട്ടിൽ പുനരാരംഭിക്കുന്ന കാര്യം സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കുന്നതാണ്. കൂടാതെ ഡീസൽ ചെലവ് മാത്രം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കി ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ സർവ്വീസുകൾ ജനോപകാരപ്രദമായ രീതിയിൽ ക്രമീകരിക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത റൂട്ടിലെ നിർത്തിവച്ച കെ.എസ്.ആർ.ടി.സി. ബസ് സർവീസുകൾ പുനരാരംഭിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കോവിഡ് കാലത്തിന് മുമ്പ് 2016-18 കാലയളവിൽ പ്രതിദിനം അഞ്ച് സർവ്വീസുകളാണ് പെരിന്തൽമണ്ണ - |

| | | | | |
|---|---|---|---|---|
| | | | | വളാഞ്ചേരി റൂട്ടിൽ നടത്തിയിരുന്നത്. എന്നാൽ മിക്ക സർവ്വീസുകൾക്കും യാത്രക്കാരുടെ കുറവ് മൂലം പ്രവർത്തന ചെലവ് ലഭിക്കാത്ത സാഹചര്യത്തിൽ ടി സർവ്വീസുകൾ മറ്റ് റൂട്ടുകളിലേയ്ക്ക് പുനഃക്രമീകരിച്ചിട്ടുള്ളതാണ്. നിലവിൽ ടി റൂട്ടിലൂടെ പെരിന്തൽമണ്ണ - വളാഞ്ചേരി കോഴിക്കോട് സർവ്വീസ് പുന:രാരംഭിച്ചിട്ടുണ്ട്.<br><br>കൂടാതെ വളരെയധികം സ്വകാര്യ സർവ്വീസുകൾ ഈ റൂട്ടിൽ ചെയ്യുന്നതിനാലും യാത്രാക്ലേശം അനുഭവപ്പെടാത്ത രീതിയിൽ യാത്രക്കാർക്ക് ആവശ്യമായ പൊതുഗതാഗത സംവിധാനം ലഭ്യമാകുന്നുണ്ട്. ടി സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ കൂടുതൽ ഓപ്പറേറ്റ് ചെയ്യുന്നത് കോർപ്പറേഷന് അധിക ബാധ്യത ഉണ്ടാകുമെന്ന് കരുതുന്നു.<br><br>കൂടുതൽ സർവ്വീസുകൾ ടി റൂട്ടിൽ പുനരാരംഭിക്കുന്ന കാര്യം സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കുന്നതാണ്. കൂടാതെ ഡീസൽ ചെലവ് മാത്രം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കി ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ സർവ്വീസുകൾ ജനോപകാരപ്രദമായ രീതിയിൽ ക്രമീകരിക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ